# കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്

മണ്ണാർക്കാട് കോളേജ് പി.ഒ., പാലക്കാട് – 678 583
ഫോൺ : 04924 230157

# പൗരാവകാശരേഖ - 2021

# കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്



## പൗരാവകാശരേഖ – 2021

ഞങ്ങളുടെ സ്ഥാപനത്തിലെ ഏറ്റവും പ്രധാനപ്പെട്ട സന്ദർശകർ ഉപഭോക്താക്കളാണ്. അവർ ഞങ്ങളെ ആശ്രയിക്കുകയല്ല, ഞങ്ങൾ അവരെ ആശ്രയിക്കുകയാണ്. ഞങ്ങളുടെ ജോലിക്ക് അവർ ഒരു തടസ്സമല്ല. ഞങ്ങളുടെ ലക്ഷ്യം തന്നെ അവരാണ്. ഞങ്ങളുടെ പ്രവർത്തനത്തിൽ അവർ പുറത്തു നിന്നുള്ളവരല്ല. അവരതിന്റെ ഭാഗമാണ്. ഞങ്ങൾ അവരെ സേവിക്കുകവഴി അവരോട് ഒരു സൗമനസ്യവും കാട്ടുന്നില്ല, സേവിക്കാൻ അവസരം തരുന്നതുവഴി അവർ ഞങ്ങളോടാണ് സൗമനസ്യം കാട്ടുന്നത്.....

....മഹാത്മഗാന്ധി

# കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്

മണ്ണാർക്കാട് കോളേജ് പി.ഒ., പാലക്കാട് – 678 583

# പൗരാവകാശ രേഖ – 2021

## പ്രസിദ്ധീകരണ സമിതി

| | | |
|---|---|---|
| ശ്രീമതി. കെ.കെ. ലക്ഷ്മിക്കുട്ടി | – | പ്രസിഡന്റ് |
| ശ്രീമതി. മേരി സന്തോഷ് | – | വൈസ് പ്രസിഡന്റ് |
| ശ്രീ. കെ.വി. രാധാകൃഷ്ണൻ നായർ | – | സെക്രട്ടറി |
| ശ്രീമതി. ഷീല. കെ.എൻ | – | അസിസ്റ്റന്റ് സെക്രട്ടറി |
| ശ്രീ. ശിവപ്രകാശൻ. കെ | – | ഹെഡ് ക്ലാർക്ക് |
| ശ്രീമതി. സിസിമോൾ തോമസ് | – | അക്കൗണ്ടന്റ് |
| ശ്രീ. മഹേഷ്. കെ | – | സീനിയർ ക്ലർക്ക് |
| പ്രസാധകർ | – | കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് |
| വർഷം | – | 2021 |
| തിയ്യതി | – | 13-08-2021 |

# ആമുഖം

## കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്

## പൗരാവകാശ രേഖ – 2021

ബഹുമാന്യരെ,

ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികളോടെ, പഞ്ചായത്തുകൾ ഭരണഘടന സ്ഥാപനമെന്ന നിലയിൽ വർദ്ധിച്ച പ്രധാന്യം കൈവന്നു. അധികാര വികേന്ദ്രീകരണം വഴി വിപുലമായ അധികാരങ്ങളും വകുപ്പുകളും ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറികിട്ടുകയും വികേന്ദ്രീകൃതാസൂത്രണം വഴി പദ്ധതി രൂപീകരണവും നിർവ്വഹണവും കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പായതോടെ ജനങ്ങളുടെ നിത്യജീവിതവുമായി ഏറ്റവും അടുത്ത് നിൽക്കുന്ന ഒരു ഭരണ സംവിധാനമായി ഗ്രാമപഞ്ചായത്തുകൾ മാറി. ഗ്രാമപഞ്ചായത്തിൽ നിന്നും പഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങളിൽ നിന്നും അനവധിയായ വികസന-സേവന ആനുകൂല്യങ്ങളാണ് പൗരന് ലഭിക്കേണ്ടത്. ഈ സേവനങ്ങൾ തൃപ്തികരവും കാലവിളംബവുമില്ലാതെയും പൗരന് നൽകുവാൻ കഴിയണം. പഞ്ചായത്തിൽ നിന്നും പഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാം, അവ ലഭിക്കുവാൻ വേണ്ട പരമാവധി സമയം, ഫീസ്, അപേക്ഷകന്റെ മാനദണ്ഡം, അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട മറ്റ് രേഖകൾ എന്നിവ സംബന്ധിച്ച വിവരങ്ങളാണ് പൗരാവകാശരേഖ 2021ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

എല്ലാ തലത്തിലുള്ളവരെയും പൂർണ്ണ പങ്കാളിത്തത്തോടെ ജനസംതൃപ്തി ഉറപ്പുവരുത്തുന്ന തരത്തിൽ ജനസൗഹൃദ പഞ്ചായത്ത് എന്ന ആശയം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തുന്നത്.

സദ്ഭരണ നിർവ്വഹണം ഏറെ പ്രാധാന്യമുള്ള വിഷയമായി ഭരണസമിതി കരുതുന്നതിനാലാണ് പരിപൂർണ്ണമെന്ന് അവകാശപ്പെടുന്നില്ലെങ്കിലും ജനസൗഹൃദപരമായും ജനപക്ഷത്തുനിന്നുള്ള ഭരണനിർവ്വഹണത്തിന് ഊന്നൽ നൽകിക്കൊണ്ട് വിവിധ സേവനങ്ങൾ ലഭിക്കേണ്ട പൗരന്മാർക്ക് മാർഗ്ഗനിർദ്ദേശമാകും ഈ രേഖ എന്ന ഉത്തമ വിശ്വാസത്തോടുകൂടി ഭരണസമിതി പുതുക്കി തയ്യാറാക്കി അംഗീകരിച്ച ഈ പൗരാവകാശ രേഖ പൊതുജനപക്ഷം സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിനു വേണ്ടി

| | |
|---|---|
| **കെ.വി. രാധാകൃഷ്ണൻ നായർ** | **കെ.കെ. ലക്ഷ്മിക്കുട്ടി** |
| സെക്രട്ടറി | പ്രസിഡന്റ് |

# പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് |
| വിസ്തൃതി | : | 37.25.ച.കി. |
| വില്ലേജുകൾ | : | കുമരംപുത്തൂർ, പയ്യനെടം |
| ജില്ല | : | പാലക്കാട് (റവന്യു ഡിവിഷൻ ഒറ്റപ്പാലം) |
| ബ്ലോക്ക് പഞ്ചായത്ത് | : | മണ്ണാർക്കാട് |
| അസംബ്ലി നിയോജക മണ്ഡലം | : | മണ്ണാർക്കാട് |
| അതിരുകൾ | | |
| വടക്ക് | : | ഏറനാട് താലൂക്ക് (മലപ്പുറം ജില്ല) |
| കിഴക്ക് | : | കുന്തിപ്പുഴ (മണ്ണാർക്കാട് നഗരസഭ, തെങ്കര ഗ്രാമപഞ്ചായത്ത്) |
| തെക്ക് | : | നെല്ലിപ്പുഴ (കരിമ്പഴ ഗ്രാമപഞ്ചായത്ത്) |
| പടിഞ്ഞാറ് | : | അരിയൂർതോട് (കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത്) |
| ജനസംഖ്യ (2011 ലെ സർവ്വെ പ്രകാരം) | : | 32860 |
| പുരുഷൻ | : | 15711 |
| സ്ത്രീകൾ | : | 17149 |
| ജനസാന്ദ്രത | : | 769.55 ച.കി.മീ. |
| സാക്ഷരത | : | 82% |
| ഗ്രാമപഞ്ചായത്ത് വാർഡുകൾ | : | 18 |
| കാലാവസ്ഥ | | |
| ചൂടുള്ള കാലാവസ്ഥ | : | ഫെബ്രുവരി – മെയ് |
| തെക്ക് പടിഞ്ഞാറൻ മൺസൂൺ | : | ജൂൺ – ആഗസ്റ്റ് |
| വടക്ക് കിഴക്കൻ മൺസൂൺ | : | നവംബർ |
| തണുത്ത കാലാവസ്ഥ | : | ഡിസംബർ, ജനുവരി |
| ദേശസാൽകൃത ബാങ്കുകൾ | : | 2 |
| സഹകരണ ബാങ്കുകൾ | : | 4 |
| ഹയർസെക്കണ്ടറി / ഹൈസ്കൂൾ | : | 2 |
| യു.പി. സ്കൂളുകൾ | : | 4 |
| എൽ.പി. സ്കൂളുകൾ | : | 5 |
| അംഗൻവാടികൾ | : | 38 |
| ടെലഫോൺ എക്സ്ചേഞ്ച് | : | 1 |
| പ്രാഥമികാരോഗ്യകേന്ദ്രം | : | 1 |
| സബ്സെന്ററുകൾ | : | 5 |
| മൃഗപരിപാലന കേന്ദ്രം | : | 1 |
| ICDP സബ്സെന്ററുകൾ | : | 3 |

**പൊതു കുടിവെള്ള പദ്ധതി**

1. കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

**പ്രധാന കൃഷികൾ**

1. റബ്ബർ
2. നെല്ല്
3. കവുങ്ങ്
4. വാഴ
5. തെങ്ങ്
6. കുരുമുളക്

**ഹ്രസ്വകാല വിളകൾ**

1. കപ്പ
2. കൂർക്ക
3. ഇഞ്ചി
4. മഞ്ഞൾ
5. പച്ചക്കറികൾ

**പ്രധാന അരുവികൾ**

1. കുന്തിപ്പുഴ
2. അരിയൂർ തോട്
3. നെല്ലിപ്പുഴ

# കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി


കെ.കെ. ലക്ഷ്മിക്കുട്ടി
പ്രസിഡന്റ്


മേരി സന്തോഷ്
വൈസ് പ്രസിഡന്റ്


പി.എം. നൗഫൽ തങ്ങൾ
വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ


മുഹമ്മദ് സഹദ്
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ


ഇന്ദിര മഠത്തുംപള്ളി
ആരോഗ്യം - വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ


വിജയലക്ഷ്മി
മെമ്പർ


അജിത്. പി
മെമ്പർ


റസീന വറോടൻ
മെമ്പർ


രുഗ്മിണി
മെമ്പർ


മുഹമ്മദ് ഷമീർ
മെമ്പർ


മുഹമ്മദ് ഷരീഫ്
മെമ്പർ


ഉഷ വള്ളുവമ്പുഴ
മെമ്പർ


വിനീത
മെമ്പർ


സിദ്ദീഖ് മല്ലിയിൽ
മെമ്പർ


ശ്രീജ ഹരിദാസ്
മെമ്പർ


ആഴ്‌വാഞ്ചേരി ഹരിദാസൻ
മെമ്പർ


രാജൻ ആമ്പാടത്ത്
മെമ്പർ


കാദർ കുത്തനിയിൽ
മെമ്പർ


കെ.വി. രാധാകൃഷ്ണൻ നായർ
സെക്രട്ടറി

# ഭരണ സാരഥികൾ

| സീരി. നമ്പർ | വാർഡ് നമ്പർ | വാർഡിന്റെ പേര് | മെമ്പർമാരുടെ പേര് | സ്ഥാന പേര് | ഫോൺ നമ്പർ | വിലാസം |
|---|---|---|---|---|---|---|
| 1 | 1 | നെച്ചുള്ളി | മേരി സന്തോഷ് | വൈസ് പ്രസിഡന്റ് | 9496836946 | എളംലവ് മരുതംകാട് (H),പയ്യനെടം പി.ഒ. 678583 |
| 2 | 2 | കാരാപ്പാടം | വിജയലക്ഷ്മി | മെമ്പർ | 9497166825 | വേണുസദനം (H), പൊതുവപ്പാടം, 678583 |
| 3 | 3 | പയ്യനെടം | ഇന്ദിര മഠത്തുംപുള്ളി | ചെയർപേഴ്സൺ, ആരോഗ്യം - വിദ്യാഭ്യാസം | 8157062705 | മഠത്തുംപുള്ളി (H), പയ്യനെടം പി.ഒ. 678583 |
| 4 | 4 | എടേരം | അജിത്. പി | മെമ്പർ | 8606452362 | പടിക്കാട്ടിൽ (H),പയ്യനെടം പി.ഒ. 678583 |
| 5 | 5 | അക്കിപ്പാടം | പി.എം. നൗഫൽ തങ്ങൾ | ചെയർമാൻ, വികസനകാര്യം | 7012313200 | പുതിയ മാളിയേക്കൽ, പള്ളിക്കുന്ന് പി.ഒ. 678583 |
| 6 | 6 | മൈലംകോട് | റസീന വറോടൻ | മെമ്പർ | 8590811389 | വറോടൻ ഹൗസ്, പള്ളിക്കുന്ന് പി.ഒ. 678583 |
| 7 | 7 | ചുങ്കം | രുഗ്മിണി കുഞ്ചീരത്ത് | മെമ്പർ | 9846446836 | കുഞ്ചീരത്ത് ഹൗസ്, മണ്ണാർക്കാട് കോളേജ് പി.ഒ. |
| 8 | 8 | ചക്കരകുളമ്പ് | മുഹമ്മദ് ഷമീർ തെക്കേക്കര | മെമ്പർ | 9061617588 | തെക്കേക്കര ഹൗസ്, മണ്ണാർക്കാട് കോളേജ് പി.ഒ. 678583 |
| 9 | 9 | ചങ്ങലീരി | മുഹമ്മദ് ഷരീഫ് | മെമ്പർ | 9961834907 | കാവുംപുറത്ത് ഹൗസ്, ചങ്ങലീരി പി.ഒ. 678762 |
| 10 | 10 | മോതിക്കൽ | ഉഷ വള്ളുവമ്പുഴ | മെമ്പർ | 9567904718 | വള്ളുവമ്പുഴ ഹൗസ്, ചങ്ങലീരി പി.ഒ. 678762 |
| 11 | 11 | ഞെട്ടരക്കടവ് | വിനീത | മെമ്പർ | 9656747113 | പാണക്കാട്ടിൽ ഹൗസ്, ചങ്ങലീരി പി.ഒ. 678762 |
| 12 | 12 | വേണ്ടാംകുറുശ്ശി | സിദ്ദീഖ് മല്ലിയിൽ | മെമ്പർ | 9747189612 | മല്ലിയിൽ ഹൗസ്, ചങ്ങലീരി പി.ഒ. 678762 |
| 13 | 13 | കുളപ്പാടം | ശ്രീജ ഹരിദാസ് | മെമ്പർ | 9562370548 | കോട്ടയിൽ ഹൗസ്, കുമരംപുത്തൂർ പി.ഒ. 678583 |
| 14 | 14 | മൈലാമ്പാടം | ആഴ്‌വാഞ്ചേരി ഹരിദാസൻ | മെമ്പർ | 6282924939 | ആഴ്‌വാഞ്ചേരി ഹൗസ്, കുമരംപുത്തൂർ പി.ഒ. 678583 |
| 15 | 15 | അരിയൂർ | മുഹമ്മദ് സഹദ് | ചെയർമാൻ, ക്ഷേമകാര്യം | 9947453677 | നൂറുകണ്ടൻ ഹൗസ്, കുമരംപുത്തൂർ പി.ഒ. 678583 |
| 16 | 16 | പള്ളിക്കുന്ന് സൗത്ത് | ലക്ഷ്മിക്കുട്ടി | പ്രസിഡന്റ് | 9747251933 | കിഴക്കേക്കര ഹൗസ്, പള്ളിക്കുന്ന് പി.ഒ. 678583 |
| 17 | 17 | കുന്നത്തുള്ളി | രാജൻ ആമ്പാടത്ത് | മെമ്പർ | 9383404014 | ആമ്പാടത്ത് ഹൗസ്, പള്ളിക്കുന്ന് പി.ഒ. 678583 |
| 18 | 18 | പുത്തില്ലം | കാദർ കുത്തനിയിൽ | മെമ്പർ | 9496234543 | കുത്തനിയിൽ ഹൗസ്, പള്ളിക്കുന്ന് പി.ഒ. 678583 |

<u>പ്രധാന റോഡുകൾ</u>

1. കോഴിക്കോട് – പാലക്കാട് ദേശീയപാത
2. എം.ഇ.എസ് കോളേജ് – മൈലാംപാടം റോഡ്
3. പള്ളിക്കുന്ന് – കല്ല്യാണക്കാപ്പ് റോഡ്
4. വട്ടമ്പലം – ചീരക്കുഴി റോഡ്
5. കോടതിപ്പടി – ചങ്ങലീരി – ഞെട്ടരക്കടവ് റോഡ്
6. ചുങ്കം – അരിയൂർ റോഡ്

## കുമര ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന ലോകസഭ, നിയമസഭ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് മണ്ഡലങ്ങളിലെ ജനപ്രതിനിധികൾ

| | പേര് | സ്ഥാനം | ഫോൺ |
|---|---|---|---|
| 1. | ശ്രീ. വി.കെ. ശ്രീകണ്ഠൻ | ബഹു. എം.പി.<br>പാലക്കാട് പാർലമെന്റ് മണ്ഡലം | 9447035000 |
| 2. | അഡ്വ. എൻ. ഷംസുദ്ധീൻ | ബഹു. എം.എൽ.എ.<br>മണ്ണാർക്കാട് നിയോജക മണ്ഡലം | 9847065485 |
| 3. | ശ്രീ. ഗഫൂർ കോൽക്കളത്തിൽ | ജില്ലാ പഞ്ചായത്ത് മെമ്പർ | 9746074332 |
| 4. | അഡ്വ: ഉമ്മുസൽമ | മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | 9037725409 |
| 5. | ശ്രീമതി. പ്രീത | മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | 9744446446 |
| 6. | ശ്രീ. മുസ്തഫ വറോടൻ | മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | 9249410000 |

# കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് ജീവനക്കാർ

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക | ഫോൺ നമ്പർ |
|---|---|---|---|
| 1. | കെ.വി. രാധാകൃഷ്ണൻ നായർ | സെക്രട്ടറി | 9496047169 |
| 2. | ഷീല. കെ.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 9020453721 |
| 3. | ശിവപ്രകാശൻ. കെ | ഹെഡ് ക്ലാർക്ക് | 9446320566 |
| 4. | സിസിമോൾ തോമസ് | അക്കൗണ്ടന്റ് | 9446417811 |
| 5. | രാധിക. കെ.കെ | സീനിയർ ക്ലാർക്ക് | 9562993106 |
| 6. | ദിവ്യ. കെ.എൻ | സീനിയർ ക്ലാർക്ക് | 9744667001 |
| 7. | സിമി. എസ് | സീനിയർ ക്ലാർക്ക് | 9605361325 |
| 8. | മഹേഷ്. കെ.എൻ | സീനിയർ ക്ലാർക്ക് | 7907261439 |
| 9. | അഷിത. എ | ക്ലാർക്ക് | 9400624409 |
| 10. | ഗോകുൽ മോഹൻ | ക്ലാർക്ക് | 9946418664 |
| 11. | മോഹനൻ. ബി | ഓഫീസ് അറ്റന്റ് | 8304807759 |
| 12. | മുഹമ്മദ് ജംഷീർ. പി.ടി | ഡ്രൈവർ | 9847089979 |
| 13. | സുജീഷ് | ടെക്നിക്കൽ അസിസ്റ്റന്റ് | 9633270420 |
| 14. | പ്രിയ | പി.ടി.എസ് | 8075775004 |

# നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ

| ക്രമ നമ്പർ | ഉദ്യോഗസ്ഥരുടെ പേര് | തസ്തിക | ഫോൺ നമ്പർ |
|---|---|---|---|
| 1. | സെക്രട്ടറി | കെ.വി. രാധാകൃഷ്ണൻ നായർ<br>ഗ്രാമപഞ്ചായത്ത് ഓഫീസ്, കുമരംപുത്തൂർ | 9496047169 |
| 2. | അസിസ്റ്റന്റ് സെക്രട്ടറി | ഷീല. കെ.എൻ<br>ഗ്രാമപഞ്ചായത്ത് ഓഫീസ്, കുമരംപുത്തൂർ | 9020453721 |
| 3. | കൃഷി ഓഫീസർ | ശാന്തി എലിസബത്ത് കുര്യൻ<br>കൃഷി ഓഫീസ്, കുമരംപുത്തൂർ | 8281155076 |
| 4. | ഹെഡ്മാസ്റ്റർ | വിജയകുമാർ<br>ഹെഡ്മാസ്റ്റർ, GMLPS കുമരംപുത്തൂർ | 9847268669 |
| 5. | വെറ്ററിനറി സർജൻ | ഡോ: സെയ്ദ് അബൂബക്കർ സിദ്ദീഖ്<br>വെറ്ററിനറി ഡിസ്പെൻസറി, കുമരംപുത്തൂർ | 9447315909 |
| 6. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ജയകുമാർ<br>ഡയറി എക്സ്റ്റൻഷൻ ഓഫീസ് കുമരംപുത്തൂർ | 9745844416 |
| 7. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ: അബ്ദുൾ റഷീദ്<br>പ്രാഥമിക ആരോഗ്യ കേന്ദ്രം, കുമരംപുത്തൂർ | 8089695385 |
| 8. | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ: ആശ<br>ആയുർവേദ ആശുപത്രി, കുമരംപുത്തൂർ | 9495763632 |
| 9. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | രാജേഷ്. എസ് | 9048798684 |
| 10. | വി.ഇ.ഒ | യാസർ അറഫാത്ത്<br>വി.ഇ.ഒ. ഓഫീസ്, കുമരംപുത്തൂർ | 9745356180 |
| 11. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീലത<br>ഐ.സി.ഡി.എസ്. ഓഫീസ്, കുമരംപുത്തൂർ | 9645706162 |
| 12. | അസിസ്റ്റന്റ് എഞ്ചിനീയർ | അബ്ദുൾ റഷീദ്<br>LSGD ഓഫീസ്, കുമരംപുത്തൂർ | 9447241588 |

ഫോറം
(മൂന്നാം ചട്ടം (7)-ാം ഉപചട്ടം കാണുക)

# കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്

## പൗരാവകാശ രേഖ 2021 സേവനങ്ങളും അവയുടെ നിബന്ധനകളും

കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ.31–08–2021 തിയ്യതിയിലെ 5 (1)–ാം നമ്പർ
തീരുമാന പ്രകാരം കാലികമാക്കിയത്

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | | സേവനം ലഭ്യമാകുന്നതിനുള്ള സമയപരിധി (അപേക്ഷകിട്ടിയതിനുശേഷമുള്ള സമയം/ദിവസം) |
|---|---|---|---|---|
| | | ഹാജരാക്കേണ്ട രേഖകൾ | ഫീസ് | |
| (1) | (2) | (3) | (4) | (5) |
| | **പഞ്ചായത്താഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ** | | | |
| 1. | ജനന/മരണ/ നിർജ്ജീവ ജനനം നടന്ന 21 ദിവസത്തിനകം | 1. ജനനം/മരണം/നിർജ്ജീവ ജനന റിപ്പോർട്ട്. (ഫോറം I,II,III)<br>2. ആശുപത്രിയിലേക്കുള്ള യാത്രാ മദ്ധ്യേ വാഹനത്തിൽ വെച്ച് സംഭവിച്ച മരണമാണെങ്കിൽ. അതു സംബന്ധിച്ച സത്യപ്രസ്താവന<br>3. വീട്ടിൽ വെച്ച് നടന്ന ജനന/മരണമാണെങ്കിൽ - ഗൃഹനാഥൻ, സ്ഥാപനങ്ങളിൽ - സ്ഥാപന മേധാവി, വാഹനങ്ങളിൽ -വാഹനത്തിന്റെ ചുമതലക്കാരൻ, പ്ലാന്റേഷനിൽ -സൂപ്രണ്ട് (ചുമതലക്കാരൻ) എന്നിവർ റിപ്പോർട്ട് നൽകാൻ ബാധ്യതപ്പെട്ടവരാണ്. | ഇല്ല | ആശുപത്രിയിയിൽവെച്ച് നടന്ന ജനന/മരണ നിർജ്ജീവ ജനനമാണെങ്കിൽ റിപ്പോർട്ട് ലഭിക്കുന്ന ദിവസം (ആശുപത്രി കിയോസ്ക് സൗകര്യം ഉള്ള സ്ഥലങ്ങളിൽ മാത്രം).<br>മറ്റു സ്ഥലങ്ങളിൽ 5 പ്രവർത്തിദിവസത്തിനകം |
| 2. | ജനനം/മരണം/നിർജീവ ജനനം 21 ദിവസത്തിന് ശേഷം 30 ദിവസം വരെ | 1. ജനനം/മരണം/നിർജ്ജീവ ജനന റിപ്പോർട്ട് (ഫോറം I,II,III)<br>2. രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിച്ചുകൊണ്ടുള്ള 5 രൂപ കോർട്ട് ഫീ പതിച്ച അപേക്ഷ<br>3. ആശുപത്രിയിലേക്കുള്ള യാത്രാ മദ്ധ്യേ വാഹനത്തിൽവെച്ച് സംഭവിച്ച മരണമാണെങ്കിൽ. അതു സംബന്ധിച്ച സത്യപ്രസ്താവന.<br>5. വീട്ടിൽ വെച്ച് നടന്ന ജനനം/മരണമാണെങ്കിൽ - ഗൃഹനാഥൻ, സ്ഥാപനങ്ങളിൽ സ്ഥാപന മേധാവി, വാഹനങ്ങളിൽ -വാഹനത്തിന്റെ ചുമതലക്കാരൻ പ്ലാന്റേഷനിൽ-സൂപ്രണ്ട് (ചുമതലക്കാരൻ). എന്നിവർ റിപ്പോർട്ട് നൽകാൻ ബാധ്യസ്ഥനാണ്. | ലെയ്റ്റ് ഫീ 2 രൂപ | ആശുപത്രിയിയിൽവെച്ച് നടന്ന ജനന/മരണ നിർജ്ജീവ ജനനമാണെങ്കിൽ റിപ്പോർട്ട് ലഭിക്കുന്ന ദിവസം (ആശുപത്രി കിയോസ്ക് സൗകര്യം ഉള്ള സ്ഥലങ്ങളിൽ മാത്രം).<br>മറ്റു സ്ഥലങ്ങളിൽ 5 പ്രവർത്തിദിവസത്തിനകം |

| 1 | 2 | 3 | 4. | 5. |
|---|---|---|---|---|
| 3 | ജനനം മരണം നടന്ന് 30 ദിവത്തിന് ശേഷം ഒരു വർഷത്തിനകം വിവരം നൽകുന്ന സംഗതികളിൽ | 1. ഫോറം 1 -ജനനറിപ്പോർട്ട് (1 കോപ്പി) /ഫോറം രണ്ട് മരണറിപ്പോർട്ട് (1 കോപ്പി)<br>2. രജിസ്റ്റർ ചെയ്യുവാൻ വൈകിയതിനുള്ള കാരണം കാണിച്ചുകൊണ്ട് അനുവാദത്തിനുള്ള അപേക്ഷ പഞ്ചായത്ത്ഡെപ്യൂട്ടി ഡയറക്ടർക്ക് (5 രൂപയുടെ കോർട്ട് ഫീ പതിക്കണം)<br>3. നൊട്ടറിയോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനൊ സാക്ഷ്യപ്പെടുത്തിയ ഒരു സത്യവാങ്മൂലം.<br>4. രജിസ്ട്രാറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്. | അനുമതി ലഭിച്ചശേഷം 5 രൂപ ലേറ്റ് ഫീ. | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും അനുമതി ലഭിച്ച് 7 പ്രവർത്തി ദിവസത്തിനകം |
| 4 | ജനനം/മരണം നടന്ന് ഒരു വർഷത്തിനു ശേഷമുള്ള സംഗതികളിൽ | 1. അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ചത്)<br>2. ഫോറം1-ജനന റിപ്പോർട്ട് (1 കോപ്പി)/ഫോറം2-മരണ റിപ്പോർട്ട് (1 കോപ്പി)<br>3. രജിസ്ട്രാറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്. | അനുമതി ലഭിച്ചശേഷം 10 രൂപ ലേറ്റ് ഫീ. | സബ്ഡിവിഷണൽ മജിസ്ട്രേറ്റിൽ നിന്നും അനുമതി ലഭിച്ച് 7പ്രവൃത്തി ദിവസത്തിനകം |
| 5 | വിദേശത്ത്നടന്ന ജനനം രജിസ്റ്റർ ചെയ്യൽ | **60 ദിവസത്തിനകം സമർപ്പിക്കുന്ന സംഗതികളിൽ**<br>1. ജനനറിപ്പോർട്ട് (1കോപ്പി) ഫോറം 1<br>2. ഏത്സ്ഥലത്ത് സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നു എന്നത് സംബന്ധിച്ച് 100 രൂപ മുദ്രപത്രത്തിലുള്ള സത്യവാങ്മൂലം.<br>3. മാതാപിതാക്കളുടെ പാസ്പോർട്ടിന്റെ പകർപ്പ്.<br>4. കുട്ടികളുടെ ജനനതീയതി കാണിക്കുന്ന ഏതെങ്കിലും രേഖ (അമ്മയുടേയോ കുട്ടിയുടേയോ പാസ്പോർട്ട് /ആശുപത്രിയിലെ രേഖ/മറ്റേതെങ്കിലും രേഖകൾ)<br>**60 ദിവസത്തിന് ശേഷം**<br>1. മുകളിലെ ക്രമനമ്പർ 1, 2, 3, 4 പ്രകാരമുള്ള രേഖകൾ.<br>2. വൈകിയതിന്റെ കാരണം കാണിക്കുന്ന അഫ്ഡവിറ്റ്-നോട്ടറി/ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്തത്. (ജില്ല രജിസ്ട്രാർക്ക് അപേക്ഷിക്കുന്ന സംഗതികളിൽ)<br>3. 60 ദിവസത്തിനകം രജിസ്ട്രേഷൻ നടത്തിയിട്ടില്ലെന്ന സെക്രട്ടറിയുടെ റിപ്പോർട്ട്. | 1. കുട്ടി ഇന്ത്യയിൽ എത്തി 60 ദിവസം വരെ ആവശ്യമില്ല.<br>2. 60 ദിവസം മുതൽ 1 വർഷം വരെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയോടെ - 5 രൂപ ലേറ്റ് ഫീ.<br>3. 1 വർഷത്തിന് ശേഷം സബ് ഡിവിഷണൽ മജിസ്ട്രേറ്റ് (ആർ.ഡി.ഒ) ന്റെ അനുമതിയോടെ - 10 രൂപ ലേറ്റ് | 1. കുട്ടി ഇന്ത്യയിൽ എത്തി 60 ദിവസത്തിനകം റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ റിപ്പോർട്ട് ലഭിച്ച് 30 പ്രവർത്തി ദിവസത്തിനകം<br><br>2. വൈകിയുള്ള സന്ദർഭങ്ങളിൽ അനുമതി ലഭിച്ച് 7പ്രവൃത്തി ദിവസത്തിനകം |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 6 | ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ | 1. ജനനറിപ്പോർട്ട്<br>2. ദത്തെടുക്കൽ സംബന്ധിച്ച് കോടതി ഉത്തരവിന്റെ പകർപ്പ്.<br>3. മാതാപിതാക്കളുടെ താമസ സ്ഥലം തെളിയിക്കുന്ന രേഖകൾ (റേഷൻ കാർഡ്/ഇലക്ഷൻ തിരിച്ചറിയൽ കാർഡ് മുതലായവ) | * 21 ദിവസത്തിനകം -ആവശ്യമില്ല, 21 മുതൽ 30 വരെ - 2 രൂപ<br>* 30 ദിവസത്തിന് ശേഷം ഒരു വർഷം വരെ - 5 രൂപലേറ്റ് ഫീ.<br>* ഒരു വർഷത്തിന് ശേഷം - 10 രൂപ ലേറ്റ് ഫീ. | ദത്തെടുക്കൽ സംബന്ധിച്ച കോടതി ഉത്തരവ് ഹാജരാക്കിയ ശേഷം - 10 പ്രവൃത്തി ദിവസം |
| 7. | ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനന രജിസ്ട്രേഷൻ | 1. ഫോറം1-ജനനറിപ്പോർട്ട്<br>2. കുട്ടിയുടെ ജനന തീയതി സംബന്ധിച്ച നോട്ടറി/ഗസറ്റ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സ്ഥാപന മേധാവിയുടെ സത്യവാങ്മൂലം | ഇല്ല | 7 പ്രവൃത്തി ദിവസം |
| 8. | നിയമപരമായി ദത്തെടുക്കാത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ. | 1. ജനനറിപ്പോർട്ട്<br>2. വിശ്വസനീയരായ 2 വ്യക്തികളിൽനിന്നുള്ള സത്യപ്രസ്താവന.<br>3. മാതാപിതാക്കളുടെ താമസ സ്ഥലം തെളിയിക്കുന്ന രേഖകൾ.<br>4. ദത്തെടുത്ത കുട്ടിയുടെ എസ്.എസ്.എൽ.സി ബുക്ക്, റേഷൻകാർഡ്, വോട്ടേഴ്സ് ഐ.ഡി. ആധാർ കാർഡ് മറ്റുമുള്ള രേഖകൾ. | ലെയ്റ്റ് ഫീ 10 രൂപ | രജിസ്ട്രേഷൻ അനുമതി ലഭിച്ച് 15 പ്രവർത്തിദിവസത്തിനകം |
| 9. | ജനന-മരണ രജിസ്ട്രേഷൻ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് | 1. അപേക്ഷ- (5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ചിരിക്കണം. വെള്ളക്കടലാസിൽ എഴുതി നൽകിയാലും മതി.)<br>2. ജനനം/മരണം നടന്ന സ്ഥലം, സംഭവം നടന്ന സമയത്തെ താമസ സ്ഥലം എന്നിവ തെളിയിക്കുന്ന രേഖകൾ. | തിരിച്ചിൽഫീസ് - ഒരു വർഷത്തേക്ക് 2 രൂപ സർട്ടിഫിക്കറ്റ് ഫീ-2 രൂപ | 7 പ്രവർത്തി ദിവസം<br>അറ്റ് യൂണിറ്റുകളിൽ നിന്നുള്ള റിപ്പോർട്ടോ പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ടോ ആവശ്യമുള്ള സംഗതികളിൽ അവ ലഭിച്ച് 7 പ്രവർത്തി ദിവസം. |
| 10. | ജനന-മരണ സർട്ടിഫിക്കറ്റ് നൽകൽ | 1. 21 ദിവസത്തിനകം രജിസ്ട്രേഷൻ നടത്തിയ സംഗതികളിൽ 12-ാം വകുപ്പ് പ്രകാരമുള്ള സർട്ടിഫിക്കറ്റിന് പ്രത്യേക അപേക്ഷയുടെ ആവശ്യമില്ല. അല്ലാത്ത സംഗതികളിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ.<br>2. അപേക്ഷകന്റെ പേരിലുള്ള 50 രൂപയുടെ മുദ്രപത്രം.<br>3. സർട്ടിഫിക്കറ്റ് തപാലിൽ ലഭിക്കുന്നതിന് സ്വന്തം മേൽവിലാസം രേഖപ്പെടുത്തിയ മതിയായ തപാൽ സ്റ്റാമ്പ് പതിച്ച കവർ. | * 12-ാം വകുപ്പ് പ്രകാരമുള്ള സർട്ടിഫിക്കറ്റിന് ഫീസ്ആവശ്യമില്ല.<br>* തിരിച്ചിൽ ഫീസ്ഒരു വർഷത്തേക്ക് 2 രൂപ<br>* സർട്ടിഫിക്കറ്റ് ഫീ 5 രൂപ | 1. 12-ാം വകുപ്പ് പ്രകാരമുള്ള സർട്ടിഫിക്കറ്റ് (ജനനം/മരണം നടന്ന് 21 ദിവസത്തിനകം റിപ്പോർട്ട് നൽകിയ സംഗതികളിൽ) രജിസ്ട്രേഷൻ നടത്തിയ ദിവസം<br>2. മറ്റുള്ളവ-അപേക്ഷ ലഭിച്ച് 7 പ്രവർത്തി ദിവസം. |

| 1. | 2 | 3 | 4 | 5 |
|---|---|---|---|---|
| 11 | സ്കൂളിൽ ചേർക്കുന്നതിന് മുമ്പുള്ള പേര് ചേർക്കലും പേര് തിരുത്തലും | 1. രജിസ്ട്രേഷൻ സമയത്ത് പേര് ചേർക്കാത്ത സംഗതികളിൽ 5 രൂപ കോർട്ട് ഫീസ്റ്റാമ്പ് പതിച്ച മാതാപിതാക്കളുടെ സംയുക്ത അപേക്ഷ.<br>2. അപേക്ഷയിൽ ഒപ്പ് വെച്ചിരിക്കുന്നവരുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകൾ.<br>2. തിരുത്തലുകൾക്ക് -വെള്ളക്കടലാസിൽ സത്യവാങ്മൂലവും മുമ്പ് കൈപ്പറ്റിയ സർട്ടിഫിക്കറ്റും. | 1. രജിസ്ട്രേഷൻ തീയതിക്ക് ശേഷം ഒരു വർഷം വരെ ഫീസ് അടക്കേണ്ടതില്ല. ഒരു വർഷത്തിന് ശേഷം 5 രൂപ ലെയ്റ്റ് ഫീസ്.<br>2. തിരുത്തലുകൾക്ക് കോംമ്പൗണ്ടിംഗ് ഫീ 50 രൂപ | 7 പ്രവൃത്തി ദിവസം |
| 12 | ജനനരജിസ്റ്ററിലെ ജനനതീയതിയും സ്കൂൾ രേഖയിലെ ജനനതീയതിയും തമ്മിൽ പത്തുമാസത്തിലേറെ വ്യത്യാസം ഉണ്ടെങ്കിൽ പേര് ചേർക്കുന്നതിന് ജില്ലാ രജിസ്ട്രാറിൽ നിന്നുള്ള അനുമതി | 1. 5 രൂപ കോർട്ട് ഫീസ്റ്റാമ്പ് പതിച്ച മാതാപിതാക്കളുടെ സംയുക്ത അപേക്ഷ.<br>2. സ്കൂൾ രേഖയുടെ ശരിപകർപ്പ്/സ്കൂൾ രേഖയിലെ പേര്, ജനനതീയതി, മാതാപിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന വിദ്യാഭ്യാസ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം.<br>3. ജനനക്രമം കാണിക്കുന്ന പ്രഖ്യാപനം.<br>4. ജനനക്രമത്തിൽ കാണിച്ചിട്ടുള്ള കുട്ടികളുടെ ജനനതീയതി/വയസ് തെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ്/സ്കൂൾരേഖ/റേഷൻകാർഡ്/ആശുപത്രി രേഖ എന്നിവയിൽ ഏതിന്റെയെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. | ഇല്ല | അപേക്ഷലഭിച്ച് 15 പ്രവർത്തി ദിവസം. |
| 13 | ജനനരജിസ്റ്ററിൽ പേരു ചേർക്കൽ/തിരുത്തൽ സ്കൂളിൽ ചേർത്തതിന് ശേഷം | 1. 5 രൂപ കോർട്ട് ഫീസ്റ്റാമ്പ് പതിച്ച അപേക്ഷ.<br>2. സ്കൂൾരേഖയുടെ ശരി പകർപ്പ്/സ്കൂൾ രേഖയിലെ പേര്, ജനനതീയതി, മാതാപിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന വിദ്യാഭ്യാസ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം.<br>3. അപേക്ഷകർ മാതാവ്/പിതാവ്/രക്ഷിതാവാണെങ്കിൽ അവരുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് (കുട്ടിയെ സ്കൂളിൽ ചേർത്തിട്ടില്ലെങ്കിൽ)<br>4. ജനനക്രമം കാണിക്കുന്ന പ്രഖ്യാപനം. | 5 രൂപ ലെയ്റ്റ് ഫീസ് | 7 പ്രവൃത്തി ദിവസം (രജിസ്ട്രേഷൻ രേഖയിലും സ്കൂൾ രേഖയിലും 10 മാസത്തിൽ കൂടുതൽ വയസ് വ്യത്യാസം ഉണ്ടെങ്കിൽ ജില്ലാ രജിസ്ട്രാറിൽനിന്ന് അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസത്തിനകം. |

| 1 | 2 | 3 | 5. | 4. |
|---|---|---|---|---|
| 14 | ജനന രജിസ്റ്ററിൽ പേര് ചേർക്കൽ/തിരുത്തൽ സ്കൂൾവിദ്യാഭ്യാസം നേടാത്തവരുടെ സംഗതികളിൽ (6 വയസ്സിന് ശേഷം) | 1. 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ.<br>2. അപേക്ഷയിൽ ഒപ്പുവെച്ചിരിക്കുന്നവരുടെ തിരിച്ചറിയൽ രേഖകൾ.<br>3. മാതാപിതാക്കളുടെ എല്ലാ കുട്ടികളുടേയും പേര്, ജനനതീയതി, ജനന ക്രമം എന്നിവ കാണിക്കുന്ന സത്യവാങ്മൂലം.<br>4. മാതാപിതാക്കളുടെ തിരിച്ചറിയൽ രേഖ. | 5 രൂപ ലെയ്റ്റ് ഫീസ് | 7 പ്രവൃത്തി ദിവസം |
| 15 | 1970 ഏപ്രിൽ ഒന്നാം തീയതിക്ക് മുമ്പുള്ള ജനന രജിസ്ട്രേഷനിൽ പേര് ചേർക്കൽ | 1. അപേക്ഷ.<br>2. ജനനതിയ്യതിയും പേരും തെളിയിക്കുന്ന സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്.<br>3. മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനനതിയ്യതി, ജനനക്രമം, ജീവിച്ചിരിക്കുന്നോ ഇല്ലയോ എന്നിവ വ്യക്തമാക്കുന്ന സത്യവാങ്മൂലം. | 5 രൂപ ലെയ്റ്റ് ഫീസ് | അനുമതി ലഭിച്ച 7 പ്രവൃത്തി ദിവസം |
| 16 | ജനന രജിസ്റ്ററിൽ സ്കൂളിൽ ചേർക്കുന്നതിന് മുമ്പ് ചേർത്ത പേര് സ്കൂൾ രേഖയിലേതു പോലെ തിരുത്തൽ | 1. തെറ്റായി പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കികൊണ്ടുള്ള 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ.<br>2. സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>3. തെറ്റായ പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുന്ന മാതാപിതാക്കളുടെ/അപേക്ഷകന്റെ സത്യവാങ്മൂലം 100 രൂപ മുദ്രപത്രത്തിൽ. | 50 രൂപ (കോമ്പൗണ്ട് ഫീ) | 7 പ്രവൃത്തി ദിവസം |
| 17 | മാതാപിതാക്കളുടെ പേര്, (ഇനീഷ്യൽ വികസിപ്പിക്കൽ, ഭാര്യയുടെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർക്കൽ, മേൽവിലാസത്തിലെ അക്ഷരതെറ്റുകൾ തിരുത്തൽ | 1. 5 രൂപ കോർട്ട് ഫീസ്റ്റാമ്പ് പതിച്ച അപേക്ഷ<br>2. തിരുത്തൽ സംബന്ധിച്ച നോട്ടറി/വില്ലേജ് ഓഫീസർ എന്നിവരുടെ സർട്ടിഫിക്കറ്റ്.<br>3. തിരിച്ചറിയൽ രേഖ<br>4. വിവാഹ സർട്ടിഫിക്കറ്റ് (ഭാര്യയുടെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർക്കുന്നതിന് മാത്രം) | ഇല്ല | 15 പ്രവൃത്തി ദിവസം |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 18 | ജനന രജിസ്റ്ററിൽ പേര് ചേർക്കൽ/തിരുത്തലുകൾ കുട്ടിയുടെ പേരിലെ ഇനീഷ്യൽ വികസിപ്പിച്ച് തിരുത്തൽ നടത്തൽ. | 1. പ്രായപൂർത്തിയാകാത്ത കുട്ടിയുടെ സംഗതികളിൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷ (5 രൂപ കോർട്ട് ഫീസ്റ്റാമ്പ് പതിച്ചത്)<br>അല്ലെങ്കിൽ<br>കുട്ടി പ്രായപൂർത്തിയായതാണെങ്കിൽ കുട്ടിയുടെ അപേക്ഷ.<br>2. തെറ്റായി പേരു ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന സത്യാവാങ്മൂലം. | കോംപൗണ്ടിംഗ് ഫീസ് 50 രൂപ | 15 പ്രവൃത്തി ദിവസം |
| 19 | ജനന-മരണ രജിസ്ട്രേഷൻ രേഖപ്പെടുത്തലുകളിലെ തിരുത്തൽ. | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ.<br>2. ജനനം/മരണം റിപ്പോർട്ട് ചെയ്തപ്പോൾ വിവരം നൽകിയ വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരുത്തൽ കത്ത് (സ്ഥാപനം നിലവിൽ ഇല്ലാതായിട്ടുണ്ടെങ്കിലോ വീട്ടിൽ വെച്ച് നടന്ന ജനന-മരണങ്ങളുടെ കാര്യത്തിൽ റിപ്പോർട്ട് ചെയ്ത ആൾ ജീവിച്ചിരിപ്പില്ലെങ്കിലോ പ്രസ്തുത വിവരത്തിന് സത്യാവാങ്മൂലം മതിയാകുന്നതാണ്.<br>3. ജനിച്ച/മരിച്ച ആളുടെ പേര്, അവരുടെ മാതാപിതാക്കളുടെ പേര്, വിലാസം എന്നിവ തിരുത്തുന്ന കാര്യത്തിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.<br>4. പേരിലുള്ള തിരുത്തലാണെങ്കിൽ സ്കൂൾ രേഖ, അതു ലഭ്യമല്ലെങ്കിൽ ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, തിരിച്ചറിയൽകാർഡ്, റേഷൻകാർഡ്/ ആധാർകാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ്.<br>5. വിശ്വസനീയമായ രണ്ട് വ്യക്തികളുടെ (ഗസറ്റഡ് ഓഫീസർ വേണമെന്നില്ല) ഡിക്ലറേഷൻ (വസ്തുതാപരമായ തിരുത്തലുകൾക്ക്)<br>6. മുമ്പ് കൈപ്പറ്റിയ സർട്ടിഫിക്കറ്റ് (കൈപ്പറ്റിയിട്ടുണ്ടെങ്കിൽ മാത്രം) | ഇല്ല | 7പ്രവൃത്തി ദിവസം |
| 20 | 1970 ഏപ്രിൽ 1ന് മുമ്പുള്ള ജനനമരണ രജിസ്ട്രേഷനുകളിലെ തിരുത്തലുകൾ | 1. ചീഫ് രജിസ്ട്രാർക്കുള്ള അപേക്ഷ.<br>2. തിരുത്തപ്പെടേണ്ട വിവരം തെളിയിക്കുന്ന ആധികാരികരേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>3. മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനനതിയ്യതി, ജനനക്രമം, ജീവിച്ചിരിക്കുന്നുവോ ഇല്ലയോ എന്ന് വ്യക്തമാക്കുന്ന നിശ്ചിത ഫോറത്തിലുള്ള സത്യവാങ്മൂലം (ജനനരജിസ്റ്ററിലെ തിരുത്തലുകൾക്ക്)<br>4. ഒരു പേര് മറ്റൊന്നായി തിരുത്തുന്നതിന് റവന്യൂ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം. | ആവശ്യമില്ല | ചീഫ് രജിസ്ട്രാറുടെ അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | 5. രണ്ട് വിശ്വസനീയ വ്യക്തികളിൽ നിന്നുള്ള ഡിക്ലറേഷൻ.<br>6. ആശുപത്രികളിൽ നിന്ന് റിപ്പോർട്ട് ചെയ്ത കേസുകളിൽ തിരുത്തലിന് ആശുപത്രി അധികാരികളുടെ തിരുത്തൽ കത്തും ജനന രജിസ്ട്രേഷനിലെ തിരുത്തലുകൾക്ക് ഗൈനക് രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, സ്ഥാപനം നിലവിലില്ലെങ്കിൽ പ്രസ്തുത വിവരത്തിനുള്ള സത്യാവാങ്മൂലം. | | |
| 21 | വിവാഹ രജിസ്ട്രേഷൻ വിവാഹം നടന്ന് 30 ദിവസത്തിനുള്ളിൽ | **വിവാഹം കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന സംഗതികളിൽ**<br>1. വിവാഹ റിപ്പോർട്ടിന്റെ 1 കോപ്പികൾ. (1957-ലെ ഹിന്ദുവിവാഹ രജിസ്ട്രേഷൻ ചട്ടം)<br>2. വയസ് തെളിയിക്കുന്നതിനുള്ള രേഖകൾ<br>3. വരന്റെ/വധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ വിവാഹബന്ധം വേർപിരിഞ്ഞതിന്റെ /പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ<br>4. വിവാഹം കഴിഞ്ഞ് 15 ദിവസത്തിന് ശേഷം എന്നാൽ 30 ദിവസം കഴിയാത്ത സംഗതികളിൽ കാലതാമസം മാപ്പാക്കുന്നതിന് 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ച സംയുക്തഅപേക്ഷ.<br>5. ഭർത്താവ് പ്രവാസി ഭാരതീയനാകുന്ന സംഗതികളിൽ അദ്ദേഹത്തിന്റെ സാധുതയുള്ള പാസ്പോർട്ട് ഫോട്ടോകോപ്പിയും വിദേശതാമസസ്ഥലത്തിന്റെ വിലാസവും സെക്യൂരിറ്റി നമ്പറും സമർപ്പിക്കേണ്ടതാണ്. | ഇല്ല | 15 പ്രവൃത്തി ദിവസം |
| 22 | വിവാഹ രജിസ്ട്രേഷൻ വിവാഹം നടന്ന് 30 ദിവസത്തിന് ശേഷം | 1. വിവാഹ റിപ്പോർട്ടിന്റെ 1 കോപ്പികൾ. (1957-ലെ ഹിന്ദുവിവാഹ രജിസ്ട്രേഷൻ ചട്ടം)<br>2. പേര്, വയസ് തെളിയിക്കുന്നതിനുള്ള രേഖകൾ<br>3. വരന്റെ/വധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ വിവാഹബന്ധം വേർപിരിഞ്ഞതിന്റെ /അദ്യപങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ<br>4. കാലതാമസം മാപ്പാക്കുന്നതിന് 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച തദ്ദേശ രജിസ്ട്രാർക്കും ജില്ലാ രജിസ്ട്രാർക്കുമുള്ള അപേക്ഷ.<br>5. ഭർത്താവ് പ്രവാസി ഭാരതീയനാകുന്ന സംഗതികളിൽ അദ്ദേഹത്തിന്റെ സാധുതയുള്ള പാസ്പോർട്ട് ഫോട്ടോകോപ്പിയും വിദേശതാമസസ്ഥലത്തിന്റെ വിലാസവും സെക്യൂരിറ്റി നമ്പറും സമർപ്പിക്കേണ്ടതാണ്. | ഇല്ല | 15 പ്രവൃത്തി ദിവസം (ജില്ലാ രജിസ്ട്രാറിൽ നിന്നും അനുമതി ലഭിച്ചശേഷം |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 23 | വിവാഹ രജിസ്ട്രേഷനിലെ അടിസ്ഥാന വിവരങ്ങളിലെ തിരുത്തലുകൾ | 1. രജിസ്ട്രാർ ജനറലിനുള്ള സംയുക്ത അപേക്ഷ (5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിക്കണം)<br>2. ശരിയായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ് | ഇല്ല | ഹിന്ദു വിവാഹ രജിസ്ട്രാർ ജനറലിന്റെ അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം |
| 24 | ഹിന്ദുവിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് | 1. വിവാഹ രജിസ്ട്രേഷനിൽ ചേർത്ത് വിവരങ്ങൾ അടങ്ങിയ 5 രൂപ കോർട്ട് ഫീസ്റ്റാമ്പ് പതിച്ച അപേക്ഷ.<br>2. 50 രൂപയുടെ മുദ്രപത്രം | 10 രൂപ പകർപ്പ് ഫീസ് | 7 പ്രവൃത്തി ദിവസം |
| 25 | പൊതുവിവാഹ രജിസ്ട്രേഷൻ വിവാഹം നടന്ന് അഞ്ച് കൊല്ലത്തിനകം ഉള്ള രജിസ്ട്രേഷൻ | 1. ഓൺലൈൻ അപേക്ഷ (പ്രിന്റ് ഔട്ട് 1 കോപ്പി ഹാജരാക്കണം)<br>2. ജനനതീയതി തെളിയിക്കുന്ന രേഖ (എസ്.എസ്.എൽ.സി ബുക്ക് /ജനന സർട്ടിഫിക്കറ്റ്/ഡ്രൈവിംഗ് ലൈസൻസ്/പാസ്പോർട്ട്/സ്കൂൾ പ്രവേശന രജിസ്റ്ററിന്റെ പകർപ്പ് അല്ലെങ്കിൽ ജനനതിയ്യതി കാണിക്കുന്ന മറ്റേതെങ്കിലും രേഖ.<br>3. വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാപനത്തിന്റെ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ഓഫീസറുടെ സാക്ഷ്യപത്രം അല്ലെങ്കിൽ എം.പി., എം.എൽ.എ., ഗസറ്റഡ് ഓഫീസർ, പഞ്ചായത്ത് മെമ്പർ/ നഗരസഭാ കൗൺസിലർ എന്നിവരാരെങ്കിലും സാക്ഷ്യപ്പെടുത്തി നൽകിയ നിശ്ചിത ഫോറത്തിലുള്ള പ്രഖ്യാപനം.<br>4. ഭർത്താവ് പ്രവാസി ഭാരതീയനാകുന്ന സംഗതികളിൽ അദ്ദേഹത്തിന്റെ സാധുതയുള്ള പാസ്പോർട്ടിന്റെ ഒരു ഫോട്ടോസ്റ്റാറ്റ് പകർപ്പും വിദേശതാമസ സ്ഥലത്തിന്റെ മേൽ വിലാസവും സെക്യൂരിറ്റി നമ്പറും സമർപ്പിക്കേണ്ടതാണ്. | രജിസ്ട്രേഷൻ ഫീസ് 100 രൂപ.<br>ബി. പി. എൽ / എസ്. സി/എസ്.ടി ക്കാർക്ക് - 10 രൂപ, സർട്ടിഫിക്കറ്റിനുള്ള ഫീസ് - 20 രൂപ (അധിക സർട്ടിഫിക്കറ്റ് ഫീസ് 25 രൂപ).<br>വിവാഹം കഴിഞ്ഞ് 45 ദിവസം കഴിഞ്ഞ സംഗതികളിൽ 100 രൂപ പിഴ കൂടി അടക്കണം. | 7 പ്രവൃത്തി ദിവസം |
| 26 | വിവാഹം നടന്ന് അഞ്ച് വർഷത്തിന് ശേഷം ഉള്ള രജിസ്ട്രേഷൻ | 1. അപേക്ഷ<br>2. ഓൺലൈൻ അപേക്ഷ പ്രിന്റ് ഔട്ട് 1 കോപ്പി<br>3. ജനനതീയതി തെളിയിക്കുന്ന രേഖ (എസ്.എസ്.എൽ.സി ബുക്ക് /ജനന സർട്ടിഫിക്കറ്റ്/ഡ്രൈവിംഗ് ലൈസൻസ്/പാസ്പോർട്ട്/സ്കൂൾ പ്രവേശന രജിസ്റ്ററിന്റെ പകർപ്പ് അല്ലെങ്കിൽ ജനനതിയ്യതി കാണിക്കുന്ന മറ്റേതെങ്കിലും രേഖ. | രജിസ്ട്രേഷൻ ഫീസ് 100 രൂപ.<br>ബി. പി. എൽ / എസ്. സി/എസ്.ടി ക്കാർക്ക് - 10 രൂപ, പിഴ-250 രൂപ സർട്ടിഫിക്കറ്റ് - 20 രൂപ (അധിക സർട്ടിഫിക്കറ്റ് ഒന്നിന് 25 രൂപ). | രജിസ്ട്രാർ ജനറിൽ നിന്നും അനുമതിലഭിച്ച് 7 പ്രവൃത്തി ദിവസം |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | 4. വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാപനത്തിൽനിന്നുള്ള സാക്ഷ്യപത്രം അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ഓഫീസറുടെ സാക്ഷ്യപത്രം അല്ലെങ്കിൽ എം.പി., എം.എൽ.എ., ഗസറ്റഡ് ഓഫീസർ, പഞ്ചായത്ത് മെമ്പർ/ നഗരസഭാ കൗൺസിലർ എന്നിവരാരെങ്കിലും നൽകിയ നിശ്ചിത ഫോറത്തിലുള്ള പ്രഖ്യാപനം അല്ലെങ്കിൽ വിവാഹം നടന്നു എന്ന് തദ്ദേശ രജിസ്ട്രാർക്ക് ബോധ്യമാകുന്ന മറ്റെന്തെങ്കിലും രേഖകൾ. | | |
| 27 | വിവാഹ രജിസ്ട്രേഷൻ - വിവാഹരജിസ്റ്ററിലെ തിരുത്തലുകൾ (പേര്, വയസ്, തീയതി മുതലായ സാരവത്തായ സംഗതികൾ ഒഴിച്ച്) | 1. 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ.<br>2. രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റുകളുടെ ശരിയായ വിവരങ്ങൾ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ. | ക്ലറിക്കൽ തെറ്റുകൾക്ക് ഫീസില്ല മറ്റ് തെറ്റുകൾ തിരുത്തുന്നതിനുള്ള ഫീസ് 100 രൂപ മുൻകൂട്ടി അടച്ചിരിക്കണം. | 15 പ്രവൃത്തി ദിവസം |
| 28 | വിവാഹ രജിസ്ട്രേഷൻ വിവാഹ രജിസ്റ്ററിലെ (പേര്, വയസ്, തീയതി മുതലായ സാരവത്തായ ഉൾക്കുറിപ്പുകൾ തിരുത്തൽ) | 1. 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ.<br>2. രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റുകളുടെ ശരിയായ വിവരങ്ങൾ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ. | ക്ലറിക്കൽ തെറ്റുകൾക്ക് ഫീസില്ല മറ്റ് തെറ്റുകൾ തിരുത്തുന്നതിനുള്ള ഫീസ് 100 രൂപ മുൻകൂട്ടി അടച്ചിരിക്കണം. | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം |
| 29 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ | 1. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.<br>2. അപേക്ഷക വിധവ/7 വർഷത്തിലധികമായി ഭർത്താവിനെ കാണാതായ ഇല്ലാത്തവരോ/ഭർത്താവു ഉപേക്ഷിച്ച 7 വർഷം കഴിഞ്ഞതും പുനർ വിവാഹിതർ അല്ലാത്തവരും ആയ 50 വയസ്സ് പൂർത്തിയായ സ്ത്രീകൾക്ക് ആയിരിക്കണം.<br>3. അപേക്ഷകൻ സർവ്വീസ് പെൻഷണർ/ കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത് (ലാസ്റ്റ് ഗ്രേഡ് എക്സ്ഗ്രേഷ്യ /എൻ.പി.എസ് പെൻഷൻ വാങ്ങുന്നവർക്ക് ഈ നിബന്ധന ബാധകം അല്ല)<br>4. അപേക്ഷക പുനർവിവാഹിത ആയിരിക്കരുത്<br>5. അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തിയാകരുത്<br>6. മറ്റു സാമൂഹ്യസുരക്ഷ പെൻഷനുകൾ ഒന്നും തന്നെ ലഭിക്കുന്നവർ അർഹരല്ല (വികലാംഗരാണെങ്കിൽ ബാധകമല്ല)(ഇ.പി.എഫ് ഉൾപ്പെടെ പരമാവധി ഒരു പെൻഷനു മാത്രമേ അർഹത ഉള്ളൂ ).<br>7. അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്. (പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല)<br>8. മറ്റു സാമൂഹ്യസുരക്ഷ പെൻഷനുവേണ്ടി അപേക്ഷിച്ചിട്ടുള്ളവർ അർഹരല്ല (വികലാംഗരാണെങ്കിൽ ബാധകമല്ല)<br>9. 1000 സി.സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള, ടാക്സിയല്ലാത്ത, നാലോ അതിലധികമോ ചക്രങ്ങളുള്ള വാഹനങ്ങൾ (അംബാസഡർ കാർ ഒഴികെ) സ്വന്തമായി /കുടുംബത്തിൽ ഉള്ള വ്യക്തി ആകരുത്<br>10. അപേക്ഷക മറ്റാരുടെയും സംരക്ഷണത്തിലായിരിക്കാൻ പാടില്ല<br>11. അപേക്ഷകൻ കേന്ദ്ര സർക്കാർ / മറ്റു സംസ്ഥാന സർക്കാർ എന്നിവിടങ്ങളിൽ നിന്നും ശമ്പളം / പെൻഷൻ /കുടുംബ പെൻഷൻ ലഭിക്കുന്ന വ്യക്തി ആകരുത്.<br>12. അപേക്ഷക യാചകയാകാൻ പാടില്ല<br>13. അപേക്ഷകൻ കേന്ദ്ര / സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ / കുടുംബ പെൻഷൻ ലഭിക്കുകയും ചെയ്യുന്ന വ്യക്തി ആകരുത്.<br>14. അപേക്ഷക അഗതി മന്ദിരത്തിലെ അന്തേവാസിയാകാൻ പാടില്ല<br>15. വ്യത്യസ്ത പ്രാദേശിക സർക്കാരിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുവാൻ പാടുള്ളതല്ല<br>16. സ്ഥിരമായി താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷിക്കണം<br>17. തുടർച്ചയായി ഒരു വർഷം എങ്കിലും കേരളത്തിൽ സ്ഥിരതാമസം ആയിരിക്കണം<br>18. പ്രായ പരിധി ഇല്ല<br>19. അഗതിയായിരിക്കണം | ഇല്ല | 40 ദിവസം (ഡി.ബി.ടി മസ്റ്റർ വാലിഡേറ്റ് ചെയ്യുന്ന ദിവസം മുതൽ പെൻഷൻ ലഭിക്കുന്നതാണ്. |

| 1. | 2 | 3 | 4 | 5 |
|---|---|---|---|---|
| | | 20. പ്രായം തെളിയിക്കുന്നതിനായി ജനനസർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, ഇതൊന്നുമില്ലെങ്കിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റും സത്യവാങ്മൂലവും | | |
| 30 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ | 1. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.<br>2. അപേക്ഷക(ൻ) അഗതിയായിരിക്കണം<br>3. അപേക്ഷകൻ സർവ്വീസ് പെൻഷനർ/ കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത്. (4000 രൂപ വരെ എക്സ്ഗ്രേഷ്യ /എൻ.പി.എസ് പെൻഷൻ വാങ്ങുന്നവർക്ക് ഈ നിബന്ധന ബാധകം അല്ല )<br>4. അപേക്ഷക(ൻ) അനാഥാലയങ്ങളിലും സംരക്ഷണത്തിലായിരിക്കാൻ പാടില്ല<br>5. അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തിയാകരുത്<br>6. മറ്റു സാമൂഹ്യക്ഷേമ പെൻഷനുകൾ ഒന്നും തന്നെ ലഭിക്കുന്നവർ അർഹരല്ല (വികലാംഗരാണെങ്കിൽ ബാധകമല്ല). ഇ പി എഫ് ഉൾപ്പടെ പരമാവധി രണ്ടു പെൻഷനു മാത്രമേ അർഹത ഉള്ളു.<br>7. അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്. (പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല)<br>8. അപേക്ഷക(ൻ) യാചകനാകാൻ പാടില്ല<br>9. 1000 സി സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള, ടാക്സിയല്ലാത്ത, നാലോ അതിലധികമോ ചക്രങ്ങളുള്ള വാഹനങ്ങൾ(അംബാസഡർ കാർ ഒഴികെ) സ്വന്തമായി /കുടുംബത്തിൽ ഉള്ള വ്യക്തി ആകരുത്<br>10. അപേക്ഷക(ൻ) അഗതിമന്ദിരത്തിലെ അന്തേവാസിയാകാൻ പാടില്ല<br>11. അപേക്ഷകൻ കേന്ദ്ര സർക്കാർ / മറ്റു സംസ്ഥാന സർക്കാർ എന്നിവിടങ്ങളിൽ നിന്നും ശമ്പളം / പെൻഷൻ /കുടുംബ പെൻഷൻ ലഭിക്കുന്ന വ്യക്തി ആകരുത്.<br>12. അപേക്ഷക(ൻ) 60 വയസോ അതിനു മുകളിലോ ആയിരിക്കണം<br>13. അപേക്ഷകൻ കേന്ദ്ര / സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ / കുടുംബ പെൻഷൻ ലഭിക്കുകയും ചെയ്യുന്ന വ്യക്തി ആകരുത്.<br>14. അപേക്ഷക(ൻ) കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ട് 3 വർഷത്തിൽ കൂടുതൽ ആയിരിക്കണം<br>15. വ്യത്യസ്ത പ്രാദേശിക സർക്കാരിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുവാൻ പാടുള്ളതല്ല<br>16. അപേക്ഷക(ൻ) സ്ഥിരമായി താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലാണ് അപേക്ഷിക്കേണ്ടത് | ഇല്ല | 40 ദിവസം (ഡി.ബി.ടി സെൽ വാലിഡേറ്റ് ചെയ്യുന്ന ദിവസം മുതൽ പെൻഷൻ ലഭിക്കുന്നതാണ്. |
| 31 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം - മാനസികമായി / ശാരീരികമായി വെല്ലുവിളി നേരിടുന്നവർ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ | 1. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.<br>2. അപേക്ഷകൻ അഗതിയായിരിക്കണം.<br>3. അപേക്ഷകൻ സർവ്വീസ് പെൻഷനർ/ കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത്. (4000 രൂപ വരെ എക്സ്ഗ്രേഷ്യ /എൻ.പി.എസ് പെൻഷൻ വാങ്ങുന്നവർക്ക് ഈ നിബന്ധന ബാധകം അല്ല )<br>4. മറ്റേതെങ്കിലും ഒരു സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്ന /അപേക്ഷിച്ചിട്ടുള്ളവർക്കും അപേക്ഷിക്കാം. ഇ പി എഫ് ഉൾപ്പടെ പരമാവധി രണ്ടു പെൻഷനു മാത്രമേ അർഹത ഉള്ളു.<br>5. അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തിയാകരുത്<br>6. അപേക്ഷക(ൻ) യാചകനാകാൻ പാടില്ല<br>7. അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്. (പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല)<br>8. അപേക്ഷക(ൻ) അഗതി മന്ദിരത്തിലെ അന്തേവാസിയാകാൻ പാടില്ല<br>9. 1000 സി സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള, ടാക്സിയല്ലാത്ത, നാലോ അതിലധികമോ ചക്രങ്ങളുള്ള വാഹനങ്ങൾ(അംബാസഡർ കാർ ഒഴികെ) സ്വന്തമായി /കുടുംബത്തിൽ ഉള്ള വ്യക്തി ആകരുത് | ഇല്ല | 40 ദിവസം (ഡി.ബി.ടി സെൽ വാലിഡേറ്റ് ചെയ്യുന്ന ദിവസം മുതൽ പെൻഷൻ ലഭിക്കുന്നതാണ്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | 10. അപേക്ഷക(ൻ) സ്ഥിരമായി താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷിക്കണം.<br>11. അപേക്ഷകൻ കേന്ദ്ര സർക്കാർ / മറ്റു സംസ്ഥാന സർക്കാർ എന്നിവിടങ്ങളിൽ നിന്നും ശമ്പളം / പെൻഷൻ /കുടുംബ പെൻഷൻ ലഭിക്കുന്ന വ്യക്തി ആകരുത്.<br>12. അപേക്ഷക(ൻ) അവശത തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് / സാമൂഹ്യ സുരക്ഷാ മിഷൻ നൽകുന്ന തിരിച്ചറിയൽ കാർഡ് ഹാജരാക്കണം.<br>13. അപേക്ഷകൻ കേന്ദ്ര / സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ / കുടുംബ പെൻഷൻ ലഭിക്കുകയും ചെയ്യുന്ന വ്യക്തി ആകരുത്.<br>14. അപേക്ഷക(ൻ) പ്രായ പരിധി ഇല്ല<br>15. വ്യത്യസ്ത പ്രാദേശിക സർക്കാരിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുവാൻ പാടുള്ളതല്ല. | | |
| 32 | കർഷക തൊഴിലാളി പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ | 1. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.<br>2. 60 വയസോ അതിനു മുകളിലോ ആയിരിക്കണം<br>3. അപേക്ഷകൻ സർവ്വീസ് പെൻഷനർ/ കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത്. (4000 രൂപ വരെ എക്സ്ഗ്രേഷ്യ / എൻ പി എസ് പെൻഷൻ വാങ്ങുന്നവർക്ക് ഈ നിബന്ധന ബാധകം അല്ല)<br>4. അപേക്ഷക(ൻ) 10 വർഷമായി കേരളത്തിലെ സ്ഥിരതാമസക്കാരനായിരിക്കണം<br>5. അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തിയാകരുത്<br>6. അപേക്ഷക(ൻ) ഭൂവുടമയുടെ കീഴിൽ 10 വർഷമോ അതിൽ കൂടുതലോ കർഷകത്തൊഴിലാളിയായി ജോലി ചെയ്തിരിക്കണം.<br>7. അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്. (പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല)<br>8. അപേക്ഷക(ൻ) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരിക്കണം.<br>9. 1000 സി സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള, ടാക്സിയല്ലാത്ത, നാലോ അതിലധികമോ ചക്രങ്ങളുള്ള വാഹനങ്ങൾ(അംബാസഡർ കാർ ഒഴികെ) സ്വന്തമായി /കുടുംബത്തിൽ ഉള്ള വ്യക്തി ആകരുത്<br>10. അപേക്ഷക(ൻ) തോട്ടം തൊഴിലാളി ആയിരിക്കരുത്<br>11. അപേക്ഷകൻ കേന്ദ്ര സർക്കാർ / മറ്റു സംസ്ഥാന സർക്കാർ എന്നിവിടങ്ങളിൽ നിന്നും ശമ്പളം / പെൻഷൻ /കുടുംബ പെൻഷൻ ലഭിക്കുന്ന വ്യക്തി ആകരുത്.<br>12. അപേക്ഷക(ൻ) ഭാരതീയനായിരിക്കണം<br>13. അപേക്ഷകൻ കേന്ദ്ര / സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ / കുടുംബ പെൻഷൻ ലഭിക്കുകയും ചെയ്യുന്ന വ്യക്തി ആകരുത്<br>14. മറ്റു സാമൂഹ്യക്ഷേമ പെൻഷനുകൾ ഒന്നും തന്നെ ലഭിക്കുന്നവർ അർഹരല്ല (വികലാംഗരാണെങ്കിൽ ബാധകമല്ല).ഇ പി എഫ് ഉൾപ്പെടെ പരമാവധി ഒരു പെൻഷൻ മാത്രമേ അർഹത ഉള്ളൂ .<br>15. വ്യത്യസ്ത പ്രാദേശിക സർക്കാരിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുവാൻ പാടുള്ളതല്ല<br>16. അപേക്ഷക(ൻ) യാചകനായിരിക്കരുത്<br>17. അപേക്ഷക(ൻ) അഗതിമന്ദിരത്തിലെ അന്തേവാസിയാകാൻ പാടില്ല<br>18. അപേക്ഷക(ൻ) സ്ഥിരമായി താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലാണ് അപേക്ഷിക്കേണ്ടത് | ഇല്ല | 40 ദിവസം (ഡി.ബി.ടി സെൽ വാലിഡേറ്റ് ചെയ്യുന്ന ദിവസം മുതൽ പെൻഷൻ ലഭിക്കുന്നതാണ്. |
| 33 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷന് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ | 1. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.<br>2. അപേക്ഷകയുടെ വയസ് 50 വയസ്സ് പൂർത്തി ആയിരിക്കണം<br>3. അപേക്ഷകൻ സർവ്വീസ് പെൻഷനർ കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത് (4000 രൂപ വരെ എക്സ്ഗ്രേഷ്യ എൻ.പി.എസ് പെൻഷൻ വാങ്ങുന്നവർക്ക് ഈ നിബന്ധന ബാധകം അല്ല.)<br>4. അപേക്ഷക അവിവാഹിതയായിരിക്കണം<br>5. അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തിയാകരുത്<br>6. മറ്റു സാമൂഹ്യക്ഷേമ പെൻഷനുവേണ്ടി അപേക്ഷിച്ചിട്ടുള്ളവർ അർഹരല്ല (വികലാംഗരാണെങ്കിൽ ബാധകമല്ല (ഇ പി എഫ് ഉൾപ്പെടെ പരമാവധി ഒരു പെൻഷൻ മാത്രമേ അർഹത ഉള്ളൂ ).<br>7. അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്. (പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല)<br>8. അപേക്ഷക മറ്റാരുടെയെങ്കിലും സംരക്ഷണത്തിലായിരിക്കാൻ പാടില്ല | ഇല്ല | 40 ദിവസം (ഡി.ബി.ടി സെൽ വാലിഡേറ്റ് ചെയ്യുന്ന ദിവസം മുതൽ പെൻഷൻ ലഭിക്കുന്നതാണ്. |

| 1 | 2 | 3 | 4 | |
|---|---|---|---|---|
| | | 9. 1000 സി സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള, ടാക്സിയല്ലാത്ത, നാലോ അതിലധികമോ ചക്രങ്ങളുള്ള വാഹനങ്ങൾ (അംബാസഡർ കാർ ഒഴികെ) സ്വന്തമായി കുടുംബത്തിൽ ഉള്ള വ്യക്തി ആകരുത്<br>10. അപേക്ഷക യാചകയാകാൻ പാടില്ല<br>11. അപേക്ഷകൻ കേന്ദ്ര സർക്കാർ / മറ്റു സംസ്ഥാന സർക്കാർ എന്നിവിടങ്ങളിൽ നിന്നും ശമ്പളം / പെൻഷൻ കുടുംബ പെൻഷൻ ലഭിക്കുന്ന വ്യക്തി ആകരുത്.<br>12. അപേക്ഷക അഗതി മന്ദിരത്തിലെ അന്തേവാസിയാകാൻ പാടില്ല<br>13. അപേക്ഷകൻ കേന്ദ്ര / സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ കുടുംബ പെൻഷൻ ലഭിക്കുകയും ചെയ്യുന്ന വ്യക്തി ആകരുത്.<br>14. സ്ഥിരമായി താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷിക്കണം<br>15. വ്യത്യസ്ത പ്രാദേശിക സർക്കാരിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുവാൻ പാടുള്ളതല്ല.<br>16. കേരള സംസ്ഥാനത്തിൽ സ്ഥിര താമസക്കാരിയായിരിക്കണം<br>17. 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ അമ്മമാർക്കും അപേക്ഷിക്കാം | | |
| 34 | തൊഴിൽ രഹിത വേതനം | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (രണ്ട് പകർപ്പുകൾ)<br>2. എസ്.എസ്.എൽ.സി ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>3. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡിന്റെ പകർപ്പ്.<br>4. പഞ്ചായത്തിൽ സ്ഥിര താമസം സംബന്ധിച്ച് രേഖ.<br>5. ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ.<br>6. വികലാംഗ സർട്ടിഫിക്കറ്റ് (ബാധകമായവർക്ക് മാത്രം) | ഇല്ല | 45 പ്രവർത്തി ദിവസം |
| 35 | സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (2 പകർപ്പ്)<br>2. അപേക്ഷക വിധവയാണെന്ന് തെളിയിക്കുന്ന രേഖ (ബാധകമായ സംഗതികളിൽ)<br>3. വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന രേഖ.<br>4. വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച വെള്ളക്കടലാസിൽ എഴുതിയ/അച്ചടിച്ച പ്രതിശ്രുത വരന്റെ സത്യവാങ്മൂലം.<br>5. വിവാഹിതയാകുന്ന പെൺകുട്ടി കേരളത്തിൽ സ്ഥിരതാമസക്കാരിയാണെന്ന രേഖ (3 വർഷം)<br>6. വിവാഹത്തിന് 1 മാസം മുമ്പ് അപേക്ഷിക്കാത്ത പക്ഷം കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷ (പരമാവധി 1വർഷം വരെ), ഭർത്താവിന്റെ മരണശേഷം പുനർവിവാഹം ചെയ്തിട്ടില്ലെന്ന സാക്ഷ്യപത്രം.<br>7. വിവാഹ ദിവസം പെൺകുട്ടിക്ക് 18 വയസ് കഴിഞ്ഞിരിക്കണം.<br>8. കുടുംബ വാർഷിക വരുമാനം - 20000/<br>9. വിവാഹിതയാകുന്ന പെൺകുട്ടി 3 വർഷം കേരളത്തിൽ സ്ഥിര താമസക്കാരിയായിരിക്കണം.<br>10. സ്വർണ്ണം ഉൾപ്പെടെയുള്ള ആകെ സമ്പത്ത് 50000/- രൂപയിൽ കവിയരുത് | ഇല്ല | പഞ്ചായത്ത് കമ്മിറ്റി പാസ്സാക്കി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 36 | $100m^2$ വരെയുള്ള താമസ ആവശ്യങ്ങൾക്കുള്ള കെട്ടിടത്തിന് എൻ.ഒ.സി നൽകൽ | 1. ഓൺലൈൻ അപേക്ഷ (പ്രിന്റ് ഔട്ട് ഹാജരാക്കേണ്ടതാണ്.)<br>2. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടംഅനുബന്ധം എയിലുള്ള അപേക്ഷ ( 5രൂപ കോർട്ട് ഫീ ഒട്ടിച്ച്)<br>3. പട്ടയം / ആധാരത്തിന്റെ പകർപ്പ് (അസൽ പരിശോധനക്ക് ഹാജരാക്കണം)<br>4. കൈവശാവകാശ സർട്ടിഫിക്കറ്റ് (ഭൂമിയുടെ തരം രേഖപ്പെടുത്തിയിരിക്കണം)<br>5. സ്ഥലമുടമസ്ഥന്റെ പേരിൽ ഭൂ നികുതിയടച്ച രശീതിന്റെ പകർപ്പ്.<br>6. ബിൽഡിംഗ് പ്ലാൻ, സൈറ്റ് പ്ലാൻ, സെക്ഷൻ എലിവേഷൻ, ടെറസ് പ്ലാൻ, സ്പെസിഫിക്കേഷൻ, സർവ്വീസ് പ്ലാൻ.<br>7. പാർക്കിംഗ് പ്ലാൻ (ആവശ്യമെങ്കിൽ)<br>8. മഴവെള്ള സംഭരണി പ്ലാൻ.<br>9. ബിൽഡിംഗ് ലൈസൻസിയുടെ ലൈസൻസിന്റെ പകർപ്പ്.<br>10. സി.ആർ.ഇസഡ് ബാധകമായ സ്ഥലത്താണ് നിർമ്മാണമെങ്കിൽ അതുമായി ബന്ധപ്പെട്ട രേഖകൾ. | ഇല്ല | 15 ദിവസം |
| 37 | കെട്ടിട നിർമ്മാണ പെർമിറ്റുകൾ (പുതിയതും ഉപയോഗമാറ്റത്തിനും) | 1. ഓൺലൈൻ അപേക്ഷ (പ്രിന്റ് ഔട്ട് ഹാജരാക്കേണ്ടതാണ്.)<br>2. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടംഅനുബന്ധം എയിലുള്ള അപേക്ഷ ( 5രൂപ കോർട്ട് ഫീ ഒട്ടിച്ച്)<br>3. പട്ടയം / ആധാരത്തിന്റെ പകർപ്പ് (അസൽ പരിശോധനക്ക് ഹാജരാക്കണം)<br>4. കൈവശാവകാശ സർട്ടിഫിക്കറ്റ് (ഭൂമിയുടെ തരം രേഖപ്പെടുത്തിയിരിക്കണം)<br>5. സ്ഥലമുടമസ്ഥന്റെ പേരിൽ ഭൂ നികുതിയടച്ച രശീതിന്റെ പകർപ്പ്.<br>6. ബിൽഡിംഗ് പ്ലാൻ, സൈറ്റ് പ്ലാൻ, സെക്ഷൻ എലിവേഷൻ, ടെറസ് പ്ലാൻ, സ്പെസിഫിക്കേഷൻ, സർവ്വീസ് പ്ലാൻ.<br>7. പാർക്കിംഗ് പ്ലാൻ (ആവശ്യമെങ്കിൽ)<br>8. മഴവെള്ള സംഭരണി പ്ലാൻ.<br>9. ബിൽഡിംഗ് ലൈസൻസിയുടെ ലൈസൻസിന്റെ പകർപ്പ്.<br>10. സി.ആർ.ഇസഡ് ബാധകമായ സ്ഥലത്താണ് നിർമ്മാണമെങ്കിൽ അതുമായി ബന്ധപ്പെട്ട രേഖകൾ. | അപേക്ഷ ഫീസ് -20 രൂപ<br>പെർമറ്റ് ഫീസ്<br>റസിഡൻഷ്യൽ കെട്ടിടത്തിന് – 3/ച.മീ.<br>നോൺറസിഡൻഷ്യൽ കെട്ടിടത്തിന് - 5/ച.മീ. | 15 ദിവസം |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 38 | പഞ്ചായത്തുകളിൽ സർക്കാർ അംഗീകൃത സ്കീമുകൾ വഴിയോ മറ്റ് ഏജൻസികളുടെ ധനസഹായത്തോടെയോ നിർമ്മിക്കുന്ന വാസഗൃഹങ്ങൾക്കുള്ള പെർമിറ്റ്, 60 ച.മീറ്റർ വരെ | 1. വെള്ളക്കടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ.<br>2. ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് ആധാരം/പട്ടയത്തിന്റെ പകർപ്പ്, കൈവശാവകാശത്തിന്റെ പകർപ്പ്, ഭൂനികുതി അടച്ച രസീതി എന്നിവയുടെ പകർപ്പുകൾ.<br>3. സൈറ്റ് പ്ലാൻ (സ്വയം വരച്ചതായാലും മതി. അതിരുകളിൽനിന്നുള്ള ദൂരം കാണിച്ചിരിക്കണം)<br>4. ബന്ധപ്പെട്ട വകുപ്പിൽ നിന്നും സ്കീമിൽ ഉൾപ്പെടുത്തിയതിന്റെ രേഖ. | ഇല്ല | 15 ദിവസം |
